പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2132 12.02.2013 ൽ മറുപടിക്ക്

## സ്ത്രീപീഡനക്കേസുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഇ.ചന്ദ്രശേഖരൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| സ്ത്രീപീഡനക്കേസുകൾ കൈകാര്യം ചെയ്യുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് സംസ്ഥാനത്ത് നിലവിലുള്ളതെന്ന് വിശദമാക്കാമോ? | പോലീസ് സ്റ്റേഷനുകളിൽ സ്ത്രീ പ്രാതിനിധ്യം ഉറപ്പാക്കിക്കൊണ്ടും കൂടുതൽ വനിതാ പോലീസുകാരെ നിയോഗിച്ചുകൊണ്ടും സ്ത്രീപീഡന കേസുകൾ വനിതാ പോലീസുകാരുടെ മേൽനോട്ടത്തിൽ തന്നെ പരമാവധി കൈകാര്യം ചെയ്യാൻ നിർദ്ദേശിച്ചുകൊണ്ടുമുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നു. കൂടാതെ സ്ത്രീകൾക്കെതിരെയുള്ള പരാതികളും കേസുകളും മാത്രം കൈകാര്യം ചെയ്യുന്നതിനായി വനിതാ പോലീസ് സ്റ്റേഷനുകൾ പ്രവർത്തിച്ചുവരുന്നു. ഏതെങ്കിലും തരത്തിലുള്ള പീഡനത്തിനിരയാകുന്ന സ്ത്രീകൾക്ക് അവശ്യം വേണ്ട കൗൺസിലിംഗ്, നിയമോപദേശങ്ങൾ എന്നിവയും നൽകി വരുന്നു. തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് എതിരെയുള്ള പീഡനങ്ങൾ തടയുന്നതിനായി അവർക്ക് ജനമൈത്രി പോലീസ് സംവിധാനത്തിലൂടെയും കുടുംബശ്രീ യൂണിറ്റുകളുടെ സഹകരണത്തോടെയും ബോധവൽക്കരണ സെമിനാറുകളും നടത്തി വരുന്നു.<br>21.12.2012 ലെ സ.ഉ. (കയ്യെഴുത്ത്) നമ്പർ 328/12/ആഭ്യന്തരം പ്രകാരം സ്ത്രീകൾക്കും, പെൺകുട്ടികൾക്കും എതിരെയുള്ള പെൺവാണിഭം, ബലാൽസംഗം മുതലായ കുറ്റകൃത്യങ്ങളിൽ കേസന്വേഷണവും അനന്തര നടപടികളും കൂടുതൽ ത്വരിതഗതിയിലും ഫലപ്രദവുമാക്കാൻ എ.ഡി.ജി.പി. ഡോ. ബി. |

സന്ധ്യ ഐ.പി.എസ്., ശ്രീമതി ഉമാ ബഹറ ഐ.പി.എസ്., ശ്രീമതി അജിതാ ബീഗം ഐ.പി.എസ്., ശ്രീമതി ചന്ദൻ ചൗധരി ഐ.പി.എസ്. എന്നീ വനിതാ ഉദ്യോഗസ്ഥരടങ്ങുന്ന ഒരു വനിതാ ഇൻവെസ്റ്റിഗേഷൻ ടീം (Women Investigation Team – WIT) രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് 2013 ലെ കേരള വനിതകളുടെ സ്വകാര്യതയും അന്തസ്സും സംരക്ഷണ ബിൽ നിയമസഭയിൽ അവതരിപ്പിക്കാനുള്ള അന്തിമ നടപടികൾ നടന്നുവരുന്നു.

സെക്ഷൻ ഓഫീസർ